بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 01.03.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**01.03.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## നബി (സ) തിരുമേനിയുടെ മഹനീയ സ്ഥാനികളായ ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ. اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۙ الرَّحْمٰنِ الرَّحِيْمِ ۙ مٰلِكِ يَوْمِ الدِّيْنِ ؕ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ؕ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۙ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ؑ

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു:

ബദരീ സഹാബികളുടെ വിവരണം തുടരുകയാണ്. അതിനോട് അനുബന്ധിച്ച് ഇന്ന് ചില സഹാബാക്കളെ കുറിച്ച് വിവരിക്കുന്നതാണ്. ആദ്യത്തെ സഹാബി ഹദ്റത്ത് ഖൗലി ബിൻ അബി ഖൗലി ആണ്. ഹദ്റത്ത് ഖൗലി നബി (സ)യോടൊപ്പം ബദ്ർ, ഉഹദ് അങ്ങനെ എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. അദ്ദേഹം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ വഫാത്തായി.

രണ്ടാമതായി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് റാഫിഅ് ബിൻ അൽ മുഅലാ എന്നാണ്. ഹദ്റത്ത് റാഫിഅ് ബിൻ അൽ മുഅലായുടെ ബന്ധം ഖദ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ ഹബീബുമായിട്ടാണ്. നബി (സ) ഹദ്റത്ത് റാഫിഇനും ഹദ്റത്ത് സഫ്വാൻ ബിൻ ബയ്സാനും ഇടയിൽ സഹോദരബന്ധം സ്ഥാപിച്ചു. ഈ രണ്ട് സഹാബാക്കളും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽപറയപ്പെടുന്നു, ഇവർ രണ്ട് പേരും ബദ്ർ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര്, ഹദ്റത്ത് ദുശ്ശുമാലൈൻ ഹമീർ ബിൻ അബ്ദ് അംറ് എന്നാണ്. അദ്ദേഹത്തിന്റെ യഥാർഥ പേര് ഉമൈർ എന്നും വിളിപേര് അബൂ മുഹമ്മദ് എന്നുമായിരുന്നു. ഹദ്റത്ത് ഉമൈർ മക്കയിൽ നിന്ന് മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്ത് ഹദ്റത്ത് സഅദ് ബിൻ ഖൈസ്മയുടെ ഭവനത്തിൽ താമസിച്ചു. നബി (സ) അദ്ദേഹത്തിനും ഹദ്റത്ത് യസീദ് ബിൻ ഹാരിഥയ്ക്കും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. അവർ രണ്ട് പേരും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 30 വയസ്സ് പ്രായമുണ്ടായിരുന്നു.

അടുത്തത് ഹദ്റത്ത് റാഫിഅ് ബിൻ യസീദ് എന്ന സഹാബിയെ കുറിച്ചുള്ള വിവരണമാണ്. ഹദ്റത്ത് റാഫിഅ് ബിൻ യസീദിന്റെ ബന്ധം അൻസാർ ഗോത്രമായ ഔസിന്റെ ശാഖ ബനൂ സുഹൂർ ബിൻ അബ്ദുൽ അശ്ഹലുമായാണ്. ഹദ്റത്ത് റാഫിഇന്റെ മാതാവ്, അഖ്റബ് ബിൻത് മആദ്, പ്രശസ്ത സഹാബിയായ ഹദ്റത്ത് സഅദ് ബിൻ മആദിന്റെ സഹോദരിയായിരുന്നു. ഉസീദും അബ്ദു റഹ്മാനും ഹദ്റത്ത് റാഫിഇന്റെ രണ്ട് മക്കളായിരുന്നു. ഹദ്റത്ത് റാഫിഅ് ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹദ് യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു.

ഇനി അടുത്ത വിവരിക്കുന്ന സഹാബിയുടെ പേര്, ഹദ്റത്ത് സക്വാൻ ബിൻ അബ്ദു ഖയ്സ് എന്നാണ്. ഹദ്റത്ത് സക്വാൻ, അൻസാർ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂ സുരയ്ഖുമായാണ് ബന്ധം. അദ്ദേഹം ഒന്നാം ബയ്അത്ത് ഉക്ബയിലും രണ്ടാം ബയ്അത്ത്ഉക്ബയിലും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ പരാമർശ യോഗ്യമായ ഒരു സംഭവ വിവരണം ഇപ്രകാരമാണ്, അദ്ദേഹം മദീനയിൽ നിന്ന് ഹിജ്റത്ത് ചെയ്ത് മക്കയിൽ നബി (സ) യുടെ അടുത്തെത്തി. അദ്ദേഹം അൻസാരി മുഹാജിർ എന്നാണ് അറിയപ്പെടുന്നത്. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹദ് യുദ്ധത്തിൽ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കി. സഹീൽ ബിൻ അബി സാലിഹ് നിവേദനം ചെയ്യുന്നു: റസൂലുല്ലാഹ് (സ) ഉഹദിലേയ്ക്ക് പുറപ്പെട്ടപ്പോൾ അവിടുന്ന് ഒരു സ്ഥലത്തേയ്ക്ക് കൈ ചൂണ്ടി കൊണ്ട് ചോദിച്ചു, ഈ ഭാഗത്തേയ്ക്ക് ആരാണ് പോകുക.? ബനീ സുരയ്ഖിൽ ഉൾപ്പെട്ട ഒരു സഹാബി, ഹദ്റത്ത് സക്വാൻ ബിൻ അബ്ദ് ഖയ്സ് എഴുന്നേറ്റു. പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! ഞാൻ പോകുന്നതാണ്. നബി(സ) അന്വേഷിച്ചു, നീ ആരാണ്? ഹദ്റത്ത് സക്വാൻ പറഞ്ഞു. ഞാൻ സക്വാൻ ബിൻ അബ്ദ് ഖയ്സ് ആണ്. നബി(സ) ഇരിക്കുവാനായി ആഗ്യം കാണിച്ചു. അദ്ദേഹം മൂന്ന് പ്രാവശ്യം ഈ ചോദ്യം ആവർത്തിച്ചു. എന്നിട്ട് പറഞ്ഞു, ഇന്ന ഇന്ന സ്ഥത്തേയ്ക്ക് പുറപ്പെടുക. അതിൽ ഹദ്റത്ത് സക്വാൻ ബിൻ അബ്ദ് ഖയ്സ് പറഞ്ഞു, അല്ലാഹുവിന്റെ ദൂതരെ! തീർച്ചയായും ഞാൻ തന്നെ ആ സ്ഥങ്ങളിലേയ്ക്ക് പോകുന്നതാണ്. റസൂലുല്ലാഹ് (സ) പറഞ്ഞു, നിങ്ങളിൽ സ്വർഗത്തിന്റെ പച്ചപ്പിലൂടെ സഞ്ചരിക്കുന്ന വ്യക്തിയെ കാണാൻ ആഗ്രഹിക്കുന്നവർ ഈ വ്യക്തിയെ നോക്കികൊള്ളുക. അതിന് ശേഷം ഹദ്റത്ത് സക്വാൻ ബിൻ അബ്ദ് ഖയ്സ് തന്റെ കുടുംബത്തിനോട് വിട പറഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യമാരും സന്താനങ്ങളും അദ്ദേഹത്തോട് പറഞ്ഞു, അങ്ങ് ഞങ്ങളെ ഉപേക്ഷിച്ച് പോകുകയാണോ? അദ്ദേഹം തന്റെ കോന്തല അവരിൽ നിന്ന് പിടിച്ച് മാറ്റി. അവരിൽ നിന്ന് അല്പം മുന്നോട് മാറി അവരെ അഭിമുഖീകരിച്ച് പറഞ്ഞു, ഇനി നമുക്ക് ഖിയാമത്ത് നാളിൽ കണ്ട് മു

ട്ടാം. അതിന് ശേഷം ഉഹദ് യുദ്ധത്തിൽ അദ്ദേഹം ശഹാദത്ത് കരസ്ഥാമാക്കി.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര്, ഹദ്റത്ത് ഖവാദ് ബിൻ ജബീർ അൻസാരി എന്നാണ്. ഹദ്റത്ത് ഖവാദ് ബിൻ ജബീർ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജബീറിന്റെ സഹോദാരനായിരുന്നു. അദ്ദേഹം നബി (സ) ഉഹദ് യുദ്ധാവസരത്തിൽ മലയിടുക്കിന്റെ സുരക്ഷയ്ക്കായി നിയോഗിച്ച അമ്പത് അമ്പെയ്ത്തുകാരിൽ ഉൾപ്പെടുന്നു. ഹദ്റത്ത് ഖവാദ് ശരാശരി  ഉയരമുള്ള വ്യക്തിയായിരുന്നു. അദ്ദേഹം 40 ഹിജ്‌രിയിൽ  70-ാം വയസ്സിൽ മദീനയിൽ വച്ച് വഫാത്തായി. ഹദ്റത്ത് ഖവാദും നബി(സ) യോടൊപ്പം ബദ്റിലേക്ക് പുറപ്പെട്ടു. എന്നാൽ വഴിമധ്യേ കല്ലിൽ തട്ടി മുറിവേറ്റതിനാൽ നബി(സ) അദ്ദേഹത്തെ മദീനയിലേയ്ക്ക് തിരിച്ച് അയച്ചു. എന്നാൽ റസൂലുല്ലാഹ്(സ) അദ്ദേഹത്തെ യുദ്ധ മുതലിലും പ്രതിഫലത്തിലും ഉൾപ്പെടുത്തി. അങ്ങനെ അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരിൽ ഉൾപ്പെട്ടു. അദ്ദേഹം ഉഹദ് ഖന്ദഖ് എന്നീ എല്ലാ യുദ്ധങ്ങളിലും നബി(സ) യോടൊപ്പം പങ്കെടുത്തു.

ഹദ്റത്ത് ഖവാദ് വിവരിക്കുന്നു, ഒരിക്കൽ ഞാൻ രോഗിയായി. നബി(സ) എന്നെ സന്ദർശിച്ചു. ഞാൻ ആരോഗ്യവാനായപ്പോൾ നബി(സ) പറഞ്ഞു, അല്ലയോ ഖവാദ് നീ ആരോഗ്യം വീണ്ടെടുത്തിരിക്കുന്നു. നീ അല്ലാഹുവിനോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കുക. ഞാൻ പറഞ്ഞു, ഞാൻ അല്ലാഹുവിനോട് ഒരു വാഗ്ദാനവും ചെയ്തിട്ടില്ല. അദ്ദേഹം പറഞ്ഞു,  രോഗാവസ്ഥയിൽ നേർച്ചയോ നിയ്യത്തോ ചെയ്യാത്ത ഒരു രോഗിയും ഉണ്ടാകുകയില്ല. അല്ലാഹു എന്നെ സുഖപ്പെടുത്തുകയാണെങ്കിൽ ഇന്നത് ഞാൻ ചെയ്യുമെന്ന് തീർച്ചയായും രോഗി പറയുന്നു. അതിനാൽ അല്ലാഹുവിനോട് ചെയ്ത വാഗ്ദാനവും പ്രതിജ്ഞയും പൂർത്തിയാക്കുക. ഹുസൂർ തിരുമനസ്സ് പറയുന്നു, ഇക്കാര്യം നാം ഒരോത്തരും സഗൗരവം  ശ്രദ്ധിക്കേണ്ടതാണ്.

ഖന്ദഖ് യുദ്ധാവസരത്തിൽ നബി(സ) തിരുമേനിയ്ക്ക് ബനൂ ഖുറൈസയുടെ വാഗ്ദാന ലംഘനത്തെ കുറിച്ചുള്ള വിവരം ലഭിച്ചു. അദ്ദേഹം ഒരു സംഘത്തെ അവരുടെ പക്കലേക്ക് അയച്ചു. അതിൽ ഹദ്റത്ത്  ഖവാദ് ബിൻ ജബീറും ഉൾപ്പെട്ടിരുന്നു. ഒരു നിവേദനത്തിൽ വരുന്നു, റസൂലുല്ലാഹ്(സ) ഹദ്റത്ത് ഖവാദിനെ തന്റെ കുതിര നല്കിയാണ് ബനൂ ഖുറൈസയുടെ അടുത്തേക്ക് അയച്ചത്. ആ കുതിരയുടെ പേര് ജനാഹ് എന്നായിരുന്നു.

അടുത്ത സഹാബി റബീഅ ബിൻ അഖ്സം ആണ്. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂ യസീദ് എന്നായിരുന്നു. ഹദ്റത്ത് റബീഅ കുറുന്ന് തടിച്ച വ്യക്തിയായിരുന്നു. അദ്ദേഹം ഹിജ്റത്ത് ചെയ്ത സഹാബാക്കളിൽ ഉൾപ്പെടുന്നു. ബദ്ർ യുദ്ധസമയത്ത് അദ്ദേഹത്തിന്റെ പ്രായം 30 വയസ്സായിരുന്നു. ബദ്ർ കൂടാതെ അദ്ദേഹം ഉഹദ്, ഖന്ദഖ്, ഹുദൈബിയ സന്ധി, ഖയ്ബർ എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു. അദ്ദേഹം ഖയ്ബർ യുദ്ധത്തിൽ ശഹാദത്ത് വരിച്ചു. ശഹാദത്തിന്റെ സമയം അദ്ദേഹത്തിന് 37 വയസ്സായിരുന്നു.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് റഫാഅ് ബിൻ അംറ് അൽജഹ്നി എന്നാണ്. ബദ്ർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. അദ്ദേഹം അൻസാർ ഗോത്രമായ ബനൂ നജ്ജാറുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരുന്നു.

ഹദ്റത്ത് സയ്ദ് ബിൻ വദിയ്യാ ആണ് അടുത്ത സഹാബി. ഹദ്റത്ത് സയ്ദിന് അൻസാർ ഗോത്രമായ ഖസ്റജുമായാണ് ബന്ധം. അദ്ദേഹം ഒന്നാം ബയ്അത്തെ ഉഖ്ബയിലും ബദ്ർ, ഉഹദ് യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. ഉഹദ് യുദ്ധത്തിൽ അദ്ദേഹം ശഹാദത്ത് നേടി.

അടുത്ത സഹാബിയുടെ പേര് ഹദ്റത്ത് റബീഅ് ബിൻ റാഫിഅ് ബിൻ മസീൻ എന്നാണ്. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് സയ്ദ് ബിൻ മസീൻ എന്നാണ്. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രവുമായാണ്. ഹദ്റത്ത് സയ്ദ് ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്ത ശേഷം നബി (സ) ഹദ്റത്ത് സയ്ദിനും ഹദ്റത്ത് മസ്തഹ് ബിൻ അസാസയ്ക്കും ഇടയിൽ സാഹോദര്യബന്ധം സ്ഥാപ്പിച്ചു.

അടുത്തതായി വിവിരിക്കുന്ന സഹാബിയുടെ പേര്, ഹദ്റത്ത് അയാസ് ബിൻ സഹീർ എന്നാണ്. അദ്ദേഹം ഹബ്ശയിലേയ്ക്ക് ചെയ്ത രണ്ടാം ഹിജ്റത്തിൽ പങ്കെടുത്തു. അവിടെ നിന്ന് തിരിച്ച് വന്ന് മദീനയിലേയ്ക്കും ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് കുൽസൂം ബിൻ അൽ ഹദമിന്റെ അടുത്ത് താമസിച്ചു. അദ്ദേഹം ബദർ, ഉഹദ്, ഖന്ദഖ് ഉൾപടെ എല്ലാ യുദ്ധങ്ങളിലും നബി (സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് ഉസ്മാൻ (റ) ന്റെ ഖിലാഫത്ത് കാലത്ത് 30 ഹിജ്‌രിയിൽ മദീനയിൽ വച്ച് വഫാത്തായി.

അടുത്ത സഹാബി ഹദ്റത്ത് റഫാഅ് ബിൻ അംറ് അൻസാരി ആണ്. രണ്ടാം ബയ്അത്തെ ഉഖ്ബയിൽ പങ്കെടുത്ത 70 അൻസാരികളിൽ ഉൾപ്പെടുന്നു. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹദ് യുദ്ധത്തിൽ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കി.

ഹുസൂർ തിരുമനസ്സ് പറയുന്നു, അടുത്ത സഹാബി, ഹദ്റത്ത് സിയാദ് ബിൻ അംറ് ആണ്. അദ്ദേഹം അൻസാറുകളുമായി ഉടമ്പടിയിൽ ഏർപ്പെട്ടു. അദ്ദേഹത്തിന്റെ ബന്ധം ബനൂ സാഅദ ബിൻ കഅബ് ഗോത്രവുമായാണ്.

അടുത്ത സഹാബിയുടെ പേര്, ഹദ്റത്ത് സാലിം ബിൻ ഉമൈർ ബിൻ സാബിത് എന്നാണ്. ബനൂ അംറ് ബിൻ ഔഫ് ഗോത്രവുമായാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ബയ്അത്തെ ഉഖ്ബ, ബദർ, ഉഹദ് ഖന്ദഖ് എന്നീ എല്ലാ യുദ്ധങ്ങളിലും നബി (സ) യോടൊപ്പം പങ്കെടുത്തു. തബൂഖ് യുദ്ധാവസരത്തിൽ യാത്രാ വാഹനമില്ലാത്ത അഞ്ച് സഹാബികളിൽ അദ്ദേഹവും ഉൾപ്പെടുന്നു. ആ സഹാബികൾ നബി (സ) യോട് യുദ്ധത്തിനായി സവാരി ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു, എന്റെ പക്കൽ നിങ്ങൾക്ക് യാത്ര ചെയ്യുവാനായി നല്കാൻ യാതൊരു വാഹനവുമില്ല. അവർ തരിച്ച് പോയപ്പോൾ അവരുടെ നയനങ്ങൾ കണ്ണീർ പൊഴിച്ചു. ഹദ്റത്ത്

അബ്ബാസ് നിവേദനം ചെയ്യുന്നു. ഈ ആയത്ത് ഇറങ്ങി

وَّلَا عَلَى الَّذِيۡنَ اِذَا مَاۤ اَتَوۡكَ لِتَحۡمِلَهُمۡ قُلۡتَ لَاۤ اَجِدُ مَاۤ اَحۡمِلُكُمۡ عَلَيۡهِ ۖ
تَوَلَّوْا وَّاَعۡيُنُهُمۡ تَفِيۡضُ مِنَ الدَّمۡعِ حَزَنًا اَلَّا يَجِدُوۡا مَا يُنۡفِقُوۡنَ ؕ

(തൗബ: 92)

അതായത് നിന്റെ അടുത്ത് വന്ന മറ്റൊരു സംഘത്തിന്റെ മേലും യാതൊരു കുറ്റവുമില്ല. യുദ്ധ വിളംബരം നടത്തിയ സമയത്ത് നീ അവർക്ക് സവാരി ഏർപ്പാട് ചെയ്ത് കൊടുക്കുന്നതിനായി അവർ വന്നപ്പോൾ, നിങ്ങളെ വഹിച്ച് കൊണ്ട് പോകുവാൻ ഞാൻ ഒന്നും കണ്ടെത്തുന്നില്ല എന്ന് നീ പറഞ്ഞു. അപ്പോൾ, ചെലവഴിക്കാനുള്ള വക കണ്ടെത്തുന്നില്ലായെന്ന ദുഃഖം നിമിത്തം അവരുടെ നയനങ്ങൾ അശ്രുകണങ്ങൾ പൊഴിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയിൽ അവർ തിരിച്ച് പോയി.ഇതിൽ വിവരിച്ച ആളുകളിൽ സാലിം ബിൻ ഉമയ്‌റും സഅലബ ബിൻ സയ്ദും ഉൾപ്പെടുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) സൂറ തൗബയിലെ ഈ ആയത്തിന്റെ തഫ്സീർ ചെയ്ത് കൊണ്ട് പറയുന്നു, ആ ഏഴ് മുസ്‌ലിംകൾ നബി(സ) യുടെ സമീപത്ത് നിന്ന് പോയപ്പോൾ ഹദ്റത്ത് ഉസ്മാൻ മൂന്ന് ഒട്ടകങ്ങളെ നല്കി. നാലെണ്ണം മറ്റ് മുസ്‌ലിംകളും നല്കി. നബി(സ) ഒരോരുത്തർക്കും ഒരോന്ന് വീതം നല്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു, വിശുദ്ധ ഖുർആൻ ഈ സംഭവം വിവരിക്കാനുള്ള കാരണം ചില ധനികരായ ആളുകൾ യാത്രാ സൗകര്യം ഉണ്ടായിട്ട് കൂടി നിസ്സാരമായ ഒഴികഴിവ് അന്വേഷിക്കുന്നു. അവരെ ഈ ആത്മാർത്ഥരായ വിശ്വാസികളുമായി താരതമ്യപ്പെടുകയാണുണ്ടായത്. ഹദ്റത്ത് അബൂ മൂസാ അവരുടെ നേതാവായിരുന്നു. അങ്ങനെ, നിങ്ങൾ റസൂലുല്ലാഹ് (സ) യോട് എന്താണ് ആവശ്യപ്പെട്ടത് എന്ന് അവരോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു, അല്ലാഹുവാണ, ഞങ്ങൾ ഒട്ടകത്തെയും ആവശ്യപ്പെട്ടില്ല. കുതിരയെയും ആവശ്യപ്പെട്ടില്ല. ഞങ്ങൾ ഇത്രമാത്രമാണ് ആവശ്യപ്പെട്ടത്, ഞങ്ങൾ നഗ്നപാദരാണ്. ഇത്രദൂരം കാൽനടയായി സഞ്ചരിക്കുവാൻ സാധിക്കുകയില്ല. ഞങ്ങൾക്ക് ചെരുപ്പുകളുടെ ഒരു ജോടി ലഭിച്ചാൽ തന്നെ ഞങ്ങൾ ഓടിചെന്ന് ഞങ്ങളുടെ സഹോദരങ്ങളോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കുന്നതിനായി ഹാജറാകുന്നതാണ്. ഇതായിരുന്നു ദാരിദ്ര്യത്തിന്റെ അവസ്ഥയും അവരിൽ ഉണ്ടായിരുന്ന ആവേശവും. ഹദ്റത്ത് സാലിം ബിൻ ഉമയ്ർ ഹദ്റത്ത് മുആവിയായുടെ കാലഘട്ടം വരെ ജീവിച്ചു.

ഹുസൂർ തിരുമനസ്സ് പറയുന്നു, അടുത്ത സഹാബി ഹദ്റത്ത് സുറാഖ ബിൻ കഅബ് ആണ്. ബനൂ നജ്ജാർ ഗോത്രവുമായാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമയ്റ ബിൻത് നുഅ്മാൻ എന്നാണ്. അദ്ദേഹം ബദർ, ഉഹദ്, ഖന്ദഖ് ഉൾപടെ എല്ലാ യുദ്ധങ്ങളിലും നബി (സ) യോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് സുറാഖ യമാമ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു.

അടുത്ത സഹാബി ഹദ്റത്ത് സാഇബ് ബിൻ മസ്ഊൻ ആണ്. അദ്ദേഹം ഉസ്മാൻ ബിൻ മസ്ഊന്റെ സഹോദരനായിരുന്നു. അദ്ദേഹം ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത പ്രഥമ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഹദ്റത്ത് സാഇബിന് നബി (സ) യോടൊപ്പം കച്ചവടം ചെയ്യാനുള്ള അവസരവും ലഭിച്ചിരുന്നു.

സീറത്ത് ഖാത്തമുന്നബി (സ) യിൽ ആ സംഭവം വിവരിക്കുന്നത് ഇപ്രകാരമാണ്, സാഇബ് ഒരു സഹാബിയായിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ ചില ആളുകൾ നബി (സ) യുടെ മുമ്പാകെ അദ്ദേഹത്തെ പ്രകീർത്തിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു, നിങ്ങളെക്കാൾ കൂടുതൽ ഞാൻ അദ്ദേഹത്തെ അറിയുന്നു. സാഇബ് പറഞ്ഞു, അങ്ങയുടെ മേൽ എന്റെ മാതാപിതാക്കൾ തെണ്ടമാകട്ടെ. താങ്കൾ ഒരിക്കൽ കച്ചവടത്തിൽ എന്നോടൊപ്പം പങ്കെടുത്തിരുന്നു. അങ്ങ് എപ്പോഴും അങ്ങേയറ്റം പരിശുദ്ധമായ ഇടപാടാണ് അനുവർത്തിച്ചിരുന്നത്.

അടുത്ത സഹാബി, ഹദ്റത്ത് ആസിം ബിൻ ഖയ്സ് ആണ്. അദ്ദേഹത്തിന്റെ ബന്ധം അൻസാറുകളുടെ ഗോത്രമായ സഅലബ ബിൻ ഉമൈറുമായാണ്. ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു.

അടുത്ത സഹാബി ഹദ്റത്ത് തുഫയ്ൽ ബിൻ മാലിക് ബിൻ ഖൻസാഅ് ആണ്. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ശാഖയായ ബനൂ അബീദ് ബിൻ അദായുമായാണ്. അദ്ദേഹം ബയ്അത്തെ ഉക്ബയിലും ബദർ, ഉഹദ് യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു.

അടുത്ത സഹാബി ഹദ്റത്ത് തുഫയ്ൽ ബിൻ നുഅ്മാൻ ആണ്. അദ്ദേഹത്തിന്റെ ബന്ധം അൻസാരി ഗോത്രമായ ഖസ്റജുമായാണ്. അദ്ദേഹം ബയ്അത്തെ ഉക്ബ, ബദർ ഉഹദ് ഖന്ദഖ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹദ് യുദ്ധത്തിൽ 13 മുറിവുകൾ ഏറ്റു. ഖന്ദഖ് യുദ്ധത്തിൽ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കി.

അടുത്ത സഹാബി ഹദ്റത്ത് സിഹാഖ് ബിൻ അബ്ദ് അംറ് ആണ്. അദ്ദേഹത്തിന്റെ ബന്ധം ദീനാർ ബിൻ നജ്ജാറുമായാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദ് അംറ് എന്നും മാതാവിന്റെ പേര് സമീറ ബിൻ ഖയ്സ് എന്നുമാണ്. ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. ഉഹദ് യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. അദ്ദേഹത്തിന്റെ സഹോദരനായ അത്ബ ബിൻ അബ്ദ് അംറ് ബിഅ്റെ മഊന സംഭവത്തിൽ ശഹീദാക്കപ്പെട്ടു.

അടുത്ത സഹാബി സിഹാഖ് ബിൻ ഹാരിഥ ആണ്. അൻസാർ ഗോത്രമായ ഖസ്റജുമായാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹാരിഥ എന്നും മാതാവിന്റെ പേര് ഹിന്ദ് ബിൻത് മാലിക്ക് എന്നുമായിരുന്നു. അദ്ദേഹം ബയ്അത്തെ ഉഖ്ബ, ബദ്ർ യുദ്ധം എന്നിവയിൽ പങ്കെടുത്തു.

അടുത്ത സഹാബി ഹദ്റത്ത് ഖല്ലാദ് ബിൻ സുവയ്ദ് അൻസാരി ആണ്. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജിന്റെ ശാഖയായ ബനൂ ഹാരിഥയുമായാണ്. ബയ്അത്തെ ഉഖ്ബ, ബദർ, ഉഹദ്, ഖന്ദഖ് എന്നിവയിൽ പങ്കെടുത്തു. ബനൂ ഖുറയ്സ യുദ്ധാവസരത്തിൽ ഒരു യഹൂദി സ്ത്രീ ഭാരമേറിയ കല്ല്

എറിയുകയും അത് മൂലം അദ്ദേഹത്തിന്റെ തലയ്ക്ക് മുറി വേൽക്കുകയുംഅങ്ങനെ ശഹീദാകുകയും ചെയ്തു. അപ്പോൾ നബി(സ) പറഞ്ഞു, ഖല്ലാദിന് രണ്ട് ശഹാദത്തിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. അദ്ദേഹത്തിന് രണ്ട് ശഹാദത്തിന്റെ പ്രതിഫലം എന്ത് കൊണ്ട് ലഭിച്ചുവെന്ന് ചോദിക്കപ്പെട്ടപ്പോൾ നബി(സ) പറഞ്ഞു, കാരണം അദ്ദേഹത്തെ ഗ്രന്ഥാനുസരികളാണ് ശഹീദാക്കിയത്.

അടുത്ത സഹാബി ഹദ്റത്ത് ഔസ് ബിൻ ഖൗലി അൻസാരി ആണ്. അദ്ദഹത്തിന്റെ ബന്ധം അൻസാർ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂ സാലിം ബിൻ ഗനം ബിൻ ഔഫുമായാണ്. അദ്ദേഹം ബദർ, ഉഹദ്, ഖന്ദഖ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ് (സ) യോടൊപ്പം പങ്കെടുത്തു. അദ്ദേഹത്തെ കാമിൽ ആയി ഗണിക്കപ്പെടുന്നു. ജാഹലിയ്യാ കാലത്തും അതുപോലെ ഇസ്ലാമിന്റെ പ്രാരംഭകാലത്തും അറബി എഴുതാൻ അറിയുന്നതോടൊപ്പം അമ്പെയ്ത്തും നീന്തലും നല്ലപോലെ വശമുള്ള ആളുകളെ കാമിൽ എന്നാണ് അറിയപ്പെട്ടിരുന്നത്.

ഹദ്റത്ത ഔസ് ബിൻ ഖൗലി നബി (സ) യുടെ മയ്യത്ത് കുളിപ്പിക്കുന്നതിലും മറവ് ചെയ്യുന്നതിലും പങ്കെടുത്തിരുന്നു. അദ്ദേഹം വെള്ളത്തിന്റെ മൺകുടം എടുത്ത് കൊണ്ട് വന്നിരുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ് വിവരിക്കുന്നു, ഹദ്റത്ത് അലി, ഹദ്റത്ത് ഫസൽ ബിൻ അബ്ബാസ്, അദ്ദേഹത്തിന്റെ സഹോദരൻ ഖസം, നബി (സ) മോചിപ്പിച്ച അടിമ ശുക്റാൻ, ഹദ്റത്ത് ഔസ് ബിൻ ഖൗലി എന്നിവർ മയ്യത്ത് വെക്കുന്നതിനായി നബി(സ)യെ ഖബറിലേക്ക് ഇറങ്ങി.

ഹദ്റത്ത് ഔസ് ബിൻ ഖൗലി നിവേദനം ചെയ്യുന്നു. അദ്ദേഹം നബി(സ)യുടെ സേവനത്തിനായി ഹാജറായി. നബി (സ) പറഞ്ഞു, അല്ലയോ ഔസ് അല്ലാഹുവിന് വേണ്ടി വിനയവും എളിമയും കൈകൊള്ളുക. അല്ലാഹു അങ്ങനെയുള്ളവരുടെ പദവികൾ ഉയർത്തുന്നതാണ്. അഹങ്കരിക്കുന്നവരെ അല്ലാഹും അപമാനിതരാക്കുന്നതാണ്. അദ്ദേഹം മദീനയിൽ ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് വഫാത്തായി. അല്ലാഹു ഈ എല്ലാ സഹാബാകളുടെയും പദവികൾ ഉയർത്തുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُہٗ وَ نَسْتَعِيْنُہٗ وَ نَسْتَغْفِرُہٗ وَنُؤمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 01.03.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516